**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3965** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 2500, 1500 രൂപ മാത്രമാണ് പെൻഷനായി നിലവിൽ ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിരമിച്ച 9582 അങ്കണവാടി വർക്കർമാരെയും 10047 അങ്കണവാടി ഹെൽപ്പർമാരെയും ചേർത്ത് ആകെ 19629 പേർക്ക് യഥാക്രമം 2,500/- രൂപ, 1,500/- രൂപ എന്ന നിരക്കിൽ പെൻഷൻ നൽകി വരുന്നു. |
| (ബി) | പ്രസ്തുത പെൻഷൻ തുക കുടിശിക വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ കുടിശിക എപ്പോൾ നൽകാൻ സാധിക്കുമെന്നും അറിയിക്കുമോ; | (ബി) | (ബി) 2023 വരെ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക 15/03/2025നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷൻ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | (സി) പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ